# കാലിക്കറ്റ് സർവകലാശാല

## ഒന്നാം സെമസ്റ്റർ

## കോമൺ കോഴ്സ് -7

## ബികോം / ബിബിഎ

# മലയാള സാഹിത്യ പഠനം – 1

MAL1A07(2)

പഠന സമയം 80 മണിക്കൂർ

ക്രെഡിറ്റ് – 4

## പഠനക്കുറിപ്പുകൾ

തയ്യാറാക്കിയത്

**രസിത കാവുങ്ങൽ**

അസി.പ്രൊഫസർ. മലയാളം

സി പി എ കോളേജ് ഓഫ് ഗ്ലോബൽ സ്റ്റഡീസ്,

പുത്തനത്താണി.

**ഉദ്ദേശലക്ഷ്യങ്ങൾ:**

**വാണിജ്യ ശാസ്ത്ര വിദ്യാർത്ഥികൾ മലയാള സാഹിത്യവുമായി പരിചയം നേടുന്നതിന്. സാഹിത്യ അഭിരുചി വളർത്തിയെടുക്കുകയും സാമാന്യ ധാരണ മലയാള സാഹിത്യത്തിൽ ഉണ്ടാക്കുകയും അവയെ നിരീക്ഷണാത്മകമായി സമീപിക്കുകയും ചെയ്യുക.**

equipping with excellence

**മൊഡ്യൂൾ - 1**

**ലേഖനങ്ങൾ .**

1. **സൗന്ദര്യത്തിന്റെ അധിഷ്ഠാനം - എംപി പോൾ**
2. **സ്വാതിയുടെ സന്നിധിയിൽ - എസ് ഗുപ്തൻ നായർ**
3. **സ്വർണ്ണ മത്സ്യങ്ങൾ - എം എൻ വിജയൻ**
4. **മതവും മതങ്ങളും - സുകുമാർ അഴീക്കോട് .**

**മൊഡ്യൂൾ - 2**

**കഥകൾ**

1. **സൂചിമുഖി - മലയാറ്റൂർ**
2. **അയൽ രാജാവ് - എം സുകുമാരൻ**
3. **ഒരിതൾ - മാനസി**

**മൊഡ്യൂൾ-3**

**നോവൽ**

**1.നൂറ് സിംഹാസനങ്ങൾ .**

**മൊഡ്യൂൾ - 4**

**യാത്രാവിവരണം**

**1.കുടക് കുറിപ്പുകൾ - എൻ.പ്രഭാകരൻ.**

CPA COLLEGE OF GLOBAL STUDIES

# 1.സൗന്ദര്യത്തിന്റെ അധിഷ്ഠാനം

## എംപി പോൾ

- സൗന്ദര്യ നിരീക്ഷണം എന്ന കൃതിയിലെ ആദ്യ അധ്യായമാണ് ഇത്.
- ആത്മ പ്രതീതവാദത്തിൽ സൗന്ദര്യം വസ്തുക്കളുടെ ഗുണമല്ല മനസ്സിന്റെ ഭാവവിശേഷമാണ്.
- ഇവിടെ കാഴ്ചക്ക് അല്ല മനസ്സിനാണ് പ്രധാനം.
- കൂടുതൽ ആളുകളിൽ ആനന്ദം ഉണ്ടാക്കുന്നവയാണ് സുന്ദരമായ കലാവസ്തു.
- ആത്മ പ്രതീതവാദത്തിന് വിവാദ ക്ഷമത ഇല്ല എന്ന് ചിന്തകനായ ജൂഡ് പറയുന്നു.
- ശാസ്ത്രവും പരീക്ഷണങ്ങളും സൗന്ദര്യത്തിനെ വ്യാഖ്യാനിക്കുന്നത് ശരിയല്ല എന്നും ജൂഡ് പറയുന്നു.




- സഹൃദയരുടെ അഭിനന്ദനമാണ് സൗന്ദര്യത്തിന്റെ അധിഷ്ഠാനം.
- ബർക്ക് എന്ന ചിന്തകൻ രമണീയം മഹനീയം എന്ന് സൗന്ദര്യത്തെ വിഭജിച്ചു.
- ചെറുതും മെലിഞ്ഞതും ഒതുക്കമുള്ളതും ആയ വസ്തുക്കൾ എല്ലാം രമണീയം എന്ന വിഭാഗത്തിൽ പെടും.
- വലിപ്പം കൂടുമ്പോൾ അതെല്ലാം മഹനീയം എന്ന വിഭാഗത്തിലാണ് ഉൾപ്പെടുക.
- മാർദ്ദവത്തെ സൗന്ദര്യത്തിന്റെ വിഭജിക്കാൻ കഴിയാത്ത ഘടകമായി ബർക്ക് കാണുന്നുണ്ട്.
- ബൃഹത്തായ ഒരു ശില്പം , ഹോമർ കാവ്യം ഇവ രമണീയം അല്ല മഹനീയം ആണ്.
- കാഴ്ചയിൽ ഒതുങ്ങുന്നുണ്ടെങ്കിലും അവയുടെ പ്രാധാന്യമാണ് അവിടെ വരുന്നത്.
- ഭൗതിക ഗുണത്തിലല്ലാത്തിടത്തും നമുക്ക് സൗന്ദര്യം കാണാൻ സാധിക്കും.
- രമണീയം മഹനീയം എന്നീ വസ്തുക്കളെ രണ്ടായി തിരിക്കുന്നതിന്റെ കാരണം അതാണ് .

- പ്ലേറ്റോ സങ്കൽപത്തിൽ അഭൗതിക മണ്ഡലത്തിലേക്ക് കടന്നാൽ പ്രപഞ്ച സൗന്ദര്യത്തിന്റെ നിഴൽ മാത്രമാണ് എന്ന് നമുക്ക് കാണാൻ കഴിയും.
- ഇവിടെ സൗന്ദര്യത്തിന്റെ അടിസ്ഥാനം പാരലൗകികവും അതീന്ദ്രിയവും ആണ്.
- അവയവ പൊരുത്തം നോക്കിയും ഉപയോഗത്തെ ആസ്പദമാക്കിയും സൗന്ദര്യം നിർണ്ണയിക്കുന്നുണ്ട്.
- സോക്രട്ടീസും അരിസ്റ്റിപ്പെസും തമ്മിൽ ഒരു സംഭാഷണം നടന്നു. അത് ഇവിടെ ഉദാഹരിക്കുന്നുണ്ട്.
- കാവ്യ സൗന്ദര്യത്തിൽ അലങ്കാരങ്ങൾക്ക് പ്രാധാന്യം ഉണ്ട്.
- പ്രാസാദം മാധുര്യം ഓജസ് എന്നിവ ഇതിൽ പ്രധാനപ്പെട്ട മൂന്നെണ്ണമാണ്.
- സൗന്ദര്യം നിർജ്ജീവ ഗുണം അല്ല എന്നാണ് ഇവർ വാദിക്കുന്നത്.
- സത്യം അസത്യം ഇവയെ വിവേചിക്കുന്ന മനോവ്യാപാരത്തെ മനഃസാക്ഷി എന്ന് വിളിക്കുന്നു.
- ഭാവനാ ലോകത്തിലാണ് സങ്കീർണ്ണ വ്യാപാരം നടക്കുന്നത്.
- സൗന്ദര്യവും സത്യവും ഒന്നാണ് എന്ന ചിന്ത കീറ്റ്സ് തന്റെ സിദ്ധാന്തത്തിൽ വ്യക്തമാക്കുന്നുണ്ട്.

സഹായകഗ്രന്ഥങ്ങൾ :


1. സൗന്ദര്യ നിരീക്ഷണം - എംപി പോൾ
2. സൗന്ദര്യത്തിന്റെ അധിഷ്ഠാനം – എംപി പോൾ
3. ഗൂഗിൾ പേജ്.

# 2. സ്വാതിയുടെ സന്നിധിയിൽ

## എസ് ഗുപ്തൻ നായർ


- 1919 ൽ ഓച്ചിറയിൽ ആണ് ലേഖകൻ ജനിച്ചത്.
- 2006 ഫെബ്രുവരി 6 ന് അന്തരിച്ചു.
- സമാലോചനയും പുനരാലോചനയും എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തതാണ് ഈ ലേഖനം.
- ഗുപ്തൻ നായർ തിരുവനന്തപുരം കോട്ടക്ക് സമീപം പോയപ്പോൾ കണ്ട കാഴ്ചകൾ.
- ലേഖകന്റെ മനസ്സിൽ തോന്നിയ കാര്യങ്ങൾ എല്ലാം ഇതിൽ പങ്കു വക്കുന്നുണ്ട്.
- തെരുവിൽ ഇരുവശത്തായി ചെറിയതും വലുതുമായ വീടുകൾ ഉണ്ട്.
- മഹാരാജാക്കൻമാറുടെ കല്ലേൽ പിളർക്കുന്ന കൽപനകൾ നടത്തിയ കാലം പോയ് മറഞ്ഞു.
- ഗർഭശ്രീമാൻ എന്ന് അറിയപ്പെട്ട രാജാവായിരുന്നു സ്വാതിതിരുന്നാൾ .
- രാജാവിന്റെ  വലിയ ഒരു ചിത്രം കോട്ടക്കകത്തെ ചുമരിൽ കാണാം.









- ആ എണ്ണഛായാചിത്രം ജീവൻ വക്കുന്നതായും ലേഖകനോട് സംസാരിക്കുന്നതായും തോന്നി.
- അന്നത്തെ കാവ്യങ്ങളേയും ശാസ്ത്രങ്ങളേയും പറ്റി ചർച്ച ചെയ്യുന്നതായും തോന്നി.
- രാജ്യം പുരോഗമിക്കുന്നതിന് കുറേയേറെ ചെയ്യണമെന്നുണ്ട് എന്നാൽ റസിഡന്റ് സായിപിന് ഇഷ്ടമില്ലാത്തതിനാൽ പ്രയാസം ഉണ്ട്.
- ഈ വാക്കുകൾ രാജാവിൽ നിന്ന് കേട്ടപ്പോൾ അത്ഭുതമാണ് തോന്നിയത്.
- രാജാവ് വെറും ഒരു മഹാരാജാവ് അല്ല. ധീരനായ ദേശാഭിമാനി കൂടിയാണ് എന്ന് ലേഖകന് ബോധ്യമായി.
- സംസ്കൃതം ഹിന്ദുസ്ഥാനി തെലുങ്ക് തുടങ്ങി എല്ലാ ഭാഷകളിലും കീർത്തനങ്ങൾ രചിക്കുകയും ഉണ്ടായി.

- ആ കാലത്തും കേരളത്തിൽ സംഗീതം ഉണ്ടായിരുന്നു എന്ന് അതിലൂടെ വ്യക്തമാകും.
- മഹാനായ മുത്തുസ്വാമി ദീക്ഷിതരും ത്യാഗയ്യയും വടിവേലു തുടങ്ങിയവരുടെ സംഗീതത്തെ കുറിച്ചും ലേഖകൻ പറയുന്നുണ്ട്.








- ഇരയിമ്മൻ തമ്പിയുടെ കവിതകൾ കാണുമ്പോഴാണ് രാജാവിന് മലയാള കവിത എഴുതാൻ മടി തോന്നുന്നത് എന്ന് പറയുന്നു.
- മലയാള ഭാഷാദേവി അദ്ദേഹത്തെ അനുഗ്രഹിച്ചപോലെ രാജാവിനെ അനുഗ്രഹിച്ചിട്ടില്ല എന്നാണ് രാജാവിന്റെ പക്ഷം.
- ആട്ടം പാട്ട് ഇവയിൽ മുഴുകുന്നവർ ഇന്നുണ്ടോ എന്ന് സംശയം ആണ്.
- മേരുസ്വാമിയും ഗോവിന്ദമാരാരും അവയിൽ രസമില്ലാത്തവർ ആയിരുന്നു.
- ഇങ്ങനെ കുറേ ദൂരം രാജാവിനൊപ്പം ആ കാലത്തിലൂടെ ലേഖകൻ സഞ്ചരിച്ചു.
- പെട്ടെന്നാണ് ഒരു പുതിയ ലോകത്തേക്ക് ആരോ തള്ളിവിട്ടത് പോലെ ലേഖകന് തോന്നിയത് .
- തെരുവിലെ വീടുകളിൽ നിന്ന് ഒക്കെ റേഡിയോ ശബ്ദം കേൾക്കുന്നുണ്ട്.
- ആശബ്ദം കാലഘട്ടത്തിന്റെ ഒരു മാറ്റമായി കാണാൻ ലേഖകൻ പറഞ്ഞതാണ്.
- എന്നാൽ ആ ശബ്ദം ഇരുന്ന് ആസ്വദിക്കാൻ ആരും തയ്യാറായിരുന്നില്ല.
- കാരണം ഈ ലോകത്ത് എല്ലാവരും തിരക്കുകളിൽ മുഴുകിയവർ ആണ് .
- ഇങ്ങനെ പെട്ടെന്ന് വർത്തമാന കാലത്തേക്ക് എത്തുകയായിരുന്നു ലേയകൻ.


സഹായകഗ്രന്ഥങ്ങൾ :

1. സമാലോചനയും പുനരാലോചനയും - എസ് ഗുപ്തൻ നായർ
2. സൃഷ്ടിയും സൃഷ്ടാവും - എസ് ഗുപ്തൻ നായർ
3. ഗൂഗിൾ പേജ്.

# 3.സ്വർണ്ണ മത്സ്യങ്ങൾ

# എം എൻ വിജയൻ

- അധ്യാപകൻ പ്രഭാഷകൻ നിരൂപകൻ തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച പണ്ഡിതൻ .
- 1930 ജൂൺ 08- 2007 ഒക്ടോബർ 03 ജീവിത കാലഘട്ടം.
- മനശ്ശാസ്ത്രം ഉൾപ്പെടെ ആധുനിക വിജ്ഞാനശാഖകൾ സാഹിത്യവിമർശനത്തിൽ സമർത്ഥമായി പ്രയോജനപ്പെടുത്തിയ ചിന്തകൻ .
- മനുഷ്യനെ നേരായ വഴിയിൽ നടത്താൻ മതിയാവോളം വാക്കുകൾ വിട്ടു നല്കുന്ന സ്നേഹ നിധിയായിരുന്നു പ്രൊഫസർ എം എൻ വിജയൻ .



- അദ്ദേഹത്തിന്റെ ചിന്തകളോളം തന്നെ പ്രശസ്തമാണ് മാഷ് പല തവണയായി എഴുതിയും പറഞ്ഞും വച്ചിട്ടുള്ള വാചകങ്ങളും.
- വൈലോപ്പിള്ളിയുടെ കവിതയെ മുൻ നിർത്തി വിജയൻ മാഷ് എഴുതിയ നിരൂപണം ഏറെ ആസ്വാദക ശ്രദ്ധ പിടിച്ചു പറ്റിയ ഒന്നായിരുന്നു.
- മന:ശാസ്ത്രപരമായ ആ ഒരു നിരൂപണം മലയാളത്തിലെ നിരൂപണ തലത്തിൽ പുതിയ വഴികളാണ് വെട്ടി തുറന്നതും.
- ഫ്രോയിഡിന്റെ മന:ശാസ്ത്ര വശത്തോടുള്ള വിജയൻ മാഷിന്റെ താൽപ്പര്യവും അദ്ദേഹത്തിന്റെ എഴുത്തുകളിൽ വളരെ വ്യക്തമായി കാണാനാകും.
- 1930 ജൂൺ 8-നു കൊടുങ്ങല്ലൂരാണ് എം എൻ വിജയൻ എന്ന തീവ്ര ഇടതുപക്ഷ സഹയാത്രികൻ കൂടിയായ എഴുത്തുകാരന്റെ ജനനം.
- 1960 ൽ തലശ്ശേരി ബ്രണ്ണൻ കോളേജിൽ അധ്യാപകനായ അദ്ദേഹം മരണം വരെ അവിടെ തന്നെയായിരുന്നു.
- വിജയൻ മാഷിന്റെ വാചാടോപത്തെ കുറിച്ച് അറിയാത്തവർ ആരുമേയുണ്ടാകില്ല.

- പ്രശസ്തമായ അദ്ദേഹത്തിന്റെ ഉദ്ധരണികൾ മാത്രം എഴുതി വയ്ക്കപ്പെട്ടു അത്യാവശ്യതിനായി മറിച്ചു നോക്കിയിരുന്ന എഴുത്തുകാരും ഒട്ടും കുറവല്ല.
- 'ആർക്ക് വേണ്ടി പാർട്ടി എന്നുള്ള ചോദ്യത്തിന് ഉത്തരം കിട്ടുന്നില്ലെങ്കില് പാർട്ടിക്കുവേണ്ടി എന്ന വാക്കിന് അർത്ഥമില്ല.
- അതുകൊണ്ട് നമ്മളുണ്ടാക്കിയ സാധനം മറ്റാരുടെയൊക്കെയേ ആയ സ്വതന്ത്രസ്ഥാപനമാകുമ്പോള് അതൊരു മർദ്ദനോപകരണമായി മാറും.അത് മനുഷ്യന്റെ ശത്രുവായിത്തീരും
- നമ്മെ രക്ഷിക്കാന് വേണ്ടി ഉണ്ടാക്കിയ പോലീസ് സേന അവരുടെ വടി നമ്മെ തല്ലാനുപയോഗിക്കുന്നത് പോലെയാണ് പാർട്ടിക്ക് ഇപ്പോള് സംഭവിച്ച രൂപാന്തരം.''
- അടിസ്ഥാനപരമായി അതി തീവ്ര നിലപാടുകൾ തന്റെ രാഷ്ട്രീയത്തിൽ പോലും വച്ച് പുലർത്തിയിരുന്ന അടിയുറച്ച ഇടതുപക്ഷ ചിന്തകനായിരുന്നു.
- ചിതയിലെ വെളിച്ചം 1982-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് അദ്ദേഹം നേടിയിരുന്നു.
- പുരോഗമനകലാസാഹിത്യ സംഘത്തിലും വളരെ ഊർജ്ജസ്വലമായി പ്രവർത്തിച്ചിരുന്ന അദ്ദേഹം സി പി എമ്മിനെതിരെ ഒരു പ്രസ്താവന ഉന്നയിച്ചത് ഒരിക്കൽ വിവാദവുമായിരുന്നു.
- താൻ വിശ്വസിയ്ക്കുന്ന പ്രസ്ഥാനമാണെങ്കിൽ പോലും തെറ്റ് കണ്ടാൽ ചൂണ്ടി കാട്ടാനുള്ള ഇദ്ദേഹത്തിന്റെ കഴിവ് തന്നെയണു നിരൂപണ സാഹിത്യ ശാഖയിലും വ്യക്തമാകുന്നത്.
- സത്യം തുറന്നു പറയുക എന്നതാണല്ലോ, നിരൂപണശാസ്ത്രം പറയുന്നതും.
- ഭാഷാ ചർച്ചയിലാണ് നമ്മുടെ രാഷ്ട്രീയ ചർച്ച. കേൾക്കണമെങ്കില് ഈ ഭാഷ വേണമെന്ന് പറഞ്ഞത് ബർണാഡ് ഷായാണ്.' ഇതായിരുന്നു അദ്ദേഹം തന്റെ പ്രസംഗ സമയത്ത് അവസാനമായി പറഞ്ഞ വാചകങ്ങൾ.
- പിന്നീട് ഒന്നിനും കാത്തു നില്ക്കാതെ വേദിയിൽ തന്നെ കുഴഞ്ഞു വീണ അദ്ദേഹം ഏറെ വൈകാതെ എഴുത്തിന്റെയും കേൾവിക്കാരുടെയും ലോകത്തെ വിട്ടു യാത്രയായി.
- ഏതൊരു കലാകാരന്റെയും അവസാനത്തെ ആഗ്രഹമാണ്, താൻ എന്തിലാണോ ആഴ്ന്നു നില്ക്കുന്നത് അതേ കലാവേദിയിൽ വച്ച് തന്നെ ജീവൻ വെടിയുക എന്നത്,
- അത്തരം വിശ്വാസങ്ങളിലൊന്നും അഭിരമിക്കുന്ന ആളായിരുന്നില്ല എങ്കിലും വിജയൻ മാഷിനു ഉണ്ടായത് അത്തരമൊരു ഭാഗ്യം തന്നെയായിരുന്നു.
- പക്ഷേ സാംസ്കാരിക കേരളത്തിന് മറക്കാനാകാത്ത ഒരു എഴുത്തദ്ധ്യായവും.
- പാഠഭാഗത്തിലൂടെ :-
- സാഹിത്യ രംഗം പൊതുവെ പ്രത്യക്ഷമായ ഉൻമേഷരാഹിത്യവും അലസതയും അനുഭവിക്കുന്നുണ്ട്.
- എഴുത്തുകാർ സ്ഥാനമാനങ്ങൾക്കും ബഹുമതികൾക്കും വേണ്ടി മത്സരിക്കുന്നു..
- തനിക്കറിയാത്ത കാര്യങ്ങൾ പറയാൻ നിരൂപകൻ നിർബന്ധിതനാകുന്നു.
- എസ്റ്റാബ്ളിഷ്മെന്റ് എന്ന പൊൻവല, ബലികാക്കകൾ, നിഗൂഢമായ അങ്കനങ്ങൾ, വാജീകരണത്തിന്റെ വിജയം, പ്രസാധകന്റെ മോതിര വിരലുകൾ , വിഘ്നേശ്വരനും ലക്ഷ്മിയും തുടങ്ങിയ ഭാഗങ്ങളിലൂടെ യുവ നിരൂപണത്തെ വിമർശിക്കുകയാന്ന് ലേഖകൻ..

സഹായകഗ്രന്ഥങ്ങൾ :

1. ചിതയിലെ വെളിച്ചം - എം എൻ വിജയൻ (1981)
2. എം എൻ വിജയർ സമ്പൂർണ്ണകൃതികൾ - കറന്റ് ബുക്സ് (2008)
3. ഗൂഗിൾ വിക്കിപീഡിക .

equipping with excellence
CPA COLLEGE OF GLOBAL STUDIES

# 4.മതവും മതങ്ങളും

# സുകുമാർ അഴീക്കോട്

- കൃതികൾ : ആശാന്റെ സീതാകാവ്യം, രമണനും മലയാള കവിതയും, പുരോഗമന സാഹിത്യവും മറ്റും , തുടങ്ങി ധാരാളം രചനകൾ ഉണ്ട്.
- പുരസ്ക്കാരങ്ങൾ : കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്ക്കാരം.
- വയലാർ അവാർഡ്, രാജാജി അവാർഡ് തുടങ്ങി പതിനഞ്ചോളം അവാർഡുകൾ നേടി.
- 2007 ൽ പത്മശ്രീ നിരസിച്ച സാഹിത്യകാരനാണ് ലേഖകൻ .

പാഠഭാഗത്തിലൂടെ:

- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യൻ എന്ന നാരായണ ഗുരുവിന്റെ സന്ദേശം.
- 1914 ൽ രചിച്ച ഒരു പദ്യത്തിന്റെ ഒന്നാമത്തെ വരിയാണ് ഇത്.
- ഇത് പിന്നീട് ഗുരുവിന്റെ ജൻമ സന്ദേശമായി മാറി.
- മതമേതായാലും മനുഷ്യൻ നന്നായിൽ മതി എന്ന് 1923 ൽ സഹോദരൻ അയ്യപ്പനോട് പറഞ്ഞ വാക്കുകൾ ആണ്.
- മതം അസഹിഷ്ണുതയാവുമ്പോൾ അസഹിഷ്ണുത മതമായി മാറുന്നു.
- ഇന്ന് ഇന്ത്യയിലെ മതം അസഹിഷ്ണുതയാണ്.
- രാഷ്ട്രീയ കക്ഷികളും സമൂഹങ്ങളും അതിന്റെ കൊടി ഉയർത്തുന്നതിൽ ശ്രദ്ധയുള്ളവർ മാത്രം.



- മതങ്ങളുടെ ധർമ്മം മനുഷ്യരെ നന്നാക്കൽ ആണ്. എന്ന് എല്ലാ പ്രവാചകരും പറഞ്ഞിട്ടുണ്ട്.
- എന്നാൽ സംഭവിച്ചത് മറിച്ചായിരുന്നു.
- മനുഷ്യനെ നന്നാക്കാൻ മതം ശ്രമിച്ചെങ്കിലും വിജയിച്ചതായി കണ്ടില്ല.
- മതം ഏത് തന്നെ ആയാലും അതിനെ ചീത്തയാക്കാൻ മനുഷ്യന് കഴിഞ്ഞിട്ടുണ്ട്.
- അതുകൊണ്ടാണ് കാരുണ്യത്തിന്റെ മതം കരുണയുടെ മതം അസഹിഷ്ണുതയുടെ മതമായി വളർന്ന് പന്തലിച്ചത്.
- അങ്ങനെ മതം മനുഷ്യരുടെ പരസ്പര കലഹത്തിന് കാരണമായി മാറി.
- ഇനിയൊരു പുതിയ ലോകം ഉണ്ടാക്കാനായി ഗുരു പുനരവതരിക്കേണ്ടിവരുമോ എന്ന് ഇത് വായിക്കുമ്പോൾ നമുക്ക് തോന്നും.

സഹായകഗ്രന്ഥങ്ങൾ :

1. തത്ത്വമസി - സുകുമാർ അഴീക്കോട്
2. മതവും മതങ്ങളും - ലേഖനം സുകുമാർ അഴീക്കോട്
3. ഗൂഗിൾ വിക്കിപീഡിക പേജ്.

.

# 5.സൂചിമുഖി –

# മലയാറ്റൂർ രാമകൃഷ്ണൻ.


- മലയാറ്റൂരിൻ്റ സർഗാത്മക ജീവിതം നോവൽ, തിരക്കഥ, കാർട്ടൂൺ തുടങ്ങി ബഹുമുഖ മേഖലകളിൽ വ്യാപിച്ചു നിൽക്കുന്നു.
- 200 ൽ അധികം കൃതികൾ എഴുതിയിട്ടുണ്ട്.
- ഒരു ഫ്ലാഷ് ബാക്ക് പറഞ്ഞു കൊണ്ട് ആണ് കഥ തുടങ്ങുന്നത്.
- നർമ്മത്തിന് പ്രാധാന്യം കൊടുത്തു കൊണ്ടാണ് അവതരണം.




- രാമൻ നായർ ആണ് പ്രധാന കഥാപാത്രം.
- ഡെപ്യൂട്ടി കലക്ടർ ആയിരുന്നു അയാൾ.
- ജോലിയിൽ നിന്ന് വിരമിച്ചതോടെ പ്രൗഡി എല്ലാം കുറഞ്ഞു.
- ഭാര്യയുടെ മുന്നിൽ കീഴടങ്ങിയ അവസ്ഥയായി.
- നാട്ടിൽ അപരിചിതനായി മാറി.
- നേരം പോക്കിന് പക്ഷി നിരീക്ഷണം തുടങ്ങി.
- ഒരു ലേഖനമാണ് അതിന് പ്രേരിപ്പിച്ചത്.
- ആസാം റിട്ടേൺ സ് എന്നറിയപ്പെടുന്ന കുഞ്ഞപ്പൻ വരെ നാട്ടിൽ താരമായി.
- പക്ഷി പ്രേമം തലക്ക് പിടിച്ച് രാമൻ നായർ.
- തൊടിയിൽ പക്ഷികളുടെ പിറകെയായി.


- തൊടിയിലെ ജന്തുക്കൾ ശരീരത്തിൽ കടിച്ചതും കാക്ക പിറകിൽ കാഷ്ടിച്ചതും ഒന്നും




കാര്യമാക്കാതെ പ്രവൃത്തി തുടർന്നു.

- ഇതെല്ലാം കണ്ട് തൊട്ടപ്പുറത്തെ വീട്ടിൽ സുന്ദരിയായ കമല നിൽപുണ്ട്.
- രാമൻ നായരുടെ ഭാര്യ ഈ രംഗത്തേക്കെത്തി.
- ഭദ്രകാളിയെ പോലെയാണ് ഭാര്യയുടെ നിൽപ് .
- കമലയെ വായ്നോക്കി ഇരിക്കുകയാണ് ഭർത്താവ് എന്ന് അവർ കരുതി.
- സൂചിമുഖിയെനോക്കുകയാണെന്ന് സത്യസന്ധമായി അയാൾ പറഞ്ഞു.




- രാമൻ നായർ കമല അവിടെ ഉള്ളത് തന്നെ അറിഞ്ഞിരുന്നില്ല.
- ഭാര്യ അയാളെ പിടിച്ച് വലിച്ച് കൊണ്ടുപോയി.
- ഇത് കണ്ടപ്പോൾ രാമൻ നായർക്ക് തലക്ക് സുഖമില്ലെന്ന് കമല കരുതി. അവളുടെ അമ്മയോടത് പറയുകയും ചെയ്തു.

- ഇങ്ങനെ നർമ്മരസപ്രധാനമായി അവതരിപ്പിച്ച മലയാറ്റൂർ കഥയാണ് സൂചിമുഖി.

സഹായകഗ്രന്ഥങ്ങൾ :

1. സൂചിമുഖി - കഥ - മലയാറ്റൂർ
2. സർവീസ് സ്റ്റോറീസ് - മലയാറ്റൂർ .
3. ഗൂഗിൾ പേജ്.

................................

# 6.അയൽ രാജാവ്

# എം സുകുമാരൻ

- 1943 ൽ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ ജനനം.
- മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചു.
- സംഘഗാനം, ഉണർത്തുപാട്ട് എന്നീ കഥകൾ ചലചിത്രമായി.2018 മാർച്ച് 16ന്





അന്തരിച്ചു.

- സമൂഹ മന:സാക്ഷിയുടെ കുരിശു ചുമക്കുന്ന കഥകളിൽ പ്രഥമസ്ഥാനത്താണ് എം സുകുമാരൻറ കഥകൾ.
- വിശാലമായ അന്വേഷണങ്ങളുടേയും സഹനങ്ങളുടെയും ആത്മത്യാഗം ഇവയുടെ ദുരിത പർവങ്ങൾക്കപ്പുറം എത്തിചേരുന്ന ക്രൂരമായ യാഥാർത്ഥ്യമാണ് അയൽ രാജാവ് എന്ന കഥ .
- അയൽ രാജ്യത്തെ സ്വപ്ന സുന്ദരമായ സമത്വം സ്വപ്നം കണ്ട് അതിന് വേണ്ടി പ്രയത്നിക്കുന്ന ശില്പിയാണ് ഇതിലെ പ്രധാന കഥാപാത്രം.
- വർത്തമാന കാലത്തെ സാമൂഹ്യ രാഷ്ട്രീയ അവസ്ഥകളെ തുറന്നു കാണിക്കുന്ന കഥ.




- ഉമാപതി എന്ന ശില്പിയും ഭാര്യ ഉമാദേവി മകൻ വേണു, മകൾ രേണു.
- ശില്പിയും കവിയുമായ ഉമാപതി രാജാവിൻറ ദുർഭരണത്തിനെതിരെ ശബ്ദിച്ചു.
- അയാൾ തടവിലായി. എന്നിട്ടും ശക്തമായി ആക്ഷേപം ഉന്നയിച്ചു.
- രാജാവ് ഉമാപതിയേയും കുടുംബത്തേയും നാട് കടത്തി.
- അയൽ രാജാവിന്റെ മുഖസാദൃശ്യമുള്ള ശില്പങ്ങൾ ഉണ്ടാക്കിയതായിരുന്നു. വലിയ തെറ്റ്.

- ഉമാദേവി കർഷകർക്കൊപ്പം കാർഷിക യാന്ത്രത്തിന്റെ വരവിനെ പറ്റി സംസാരിച്ചതാണ് കുറ്റം.
- വേണ്ടു കൊട്ടാര സേവകരെ വർഗ്ഗ ബോധത്തെ കുറിച്ച് സംസാരിച്ചതും രണ്ടു കന്യകമാരെ രാജ്യവിൽനിന്നും മന്ത്രിയിൽ നിന്നും രക്ഷിച്ചതും ആണ് തെറ്റ്.
- ഘോരവനാന്തരാതിർഥിയിൽ ഇവർ വന്നുപെട്ടു.






- ആ സ്ഥലത്തെ രാജാവിന് ആയിരത്തി ഒന്നാമത്തെ അടിമയെ കിട്ടിയാൽ അയൽ രാജ്യത്തേക്കുള്ള വഴി പറഞ്ഞു തരാമെന്ന് കേട്ടപ്പോൾ വേണു സ്വയം അടിമയായി.
- അഞ്ചാം ദിവസം ഗോതമ്പ് പാടത്തെ മുതലാളി പറഞ്ഞ പ്രഭു വീട്ടിൽ എത്തി.
- അവിടെ നപുംസകമായ ഒരു കാവൽക്കാരൻ ഉണ്ടായിരുന്നു.
- അകത്തേക്ക് കന്യകമാരെ മാത്രമേ കടത്തിവിടു എന്ന് കേട്ട് രേണു അകത്ത് കടന്നു.
- അവൾ അവിടെ നശിപ്പിക്കപ്പെട്ടു. അടിമയുമായി.
- അവിടെ നിന്ന് ലഭിച്ച വിവരമനുസരിച്ച് യാത്രയായി. നൂറു ദിവസത്തെ പായ്ക്കപ്പൽ യാത്രക്കൊടുവിൽ ക്ഷേമരാജ്യത്ത് എത്തി.
- രാജാവിനെ കണ്ടാൽ എല്ലാം ശരിയാവും ഭാര്യയേയും മക്കളേയും മോജിപ്പിക്കാം എന്നൊക്കെ മോഹിച്ചു.
- അകത്ത് ചെന്നപ്പോൾ ആ രാജിവ് ഒരു ചിത്രം വരക്കുകയായിരുന്നു.
- വര കഴിഞ്ഞ് ഉമാപതിക ചിത്രം കണ്ടു. അതിൽ തന്നെ നാട് കടത്തിയ രാജാവിന്റെ മുഖമായിരുന്നു.
- സ്വയം ഇല്ലാതാകുന്ന പോലെ അയാൾക്ക് അപ്പോൾ തോന്നി.
- ഇങ്ങനെയാണ് കഥ അവസാനിക്കുന്നത്.
- ഇതിൽ നിന്ദിതരും പീഡകരുമായി കഴിയുന്ന മന:സാക്ഷികളുടെ അന്വേഷണമാണ് ഉള്ളത്.
- രാഷ്ട്രീയത്തിലെ സ്വത്വ അന്വേഷണ ഭൂമികയിലൂടെ നടത്തുന്ന ഒരു യാത്രയാണ് ഈ കഥ എന്ന് പറയാം.

സഹായകഗ്രന്ഥങ്ങൾ :

1. അയൽ രാജാവ്- കഥ - എം സുകുമാരൻ
2. ഗൂഗിൾ പേജ്.

# 7.കഥ – ഒരിതൾ

# മാനസി

- മാനസി എന്ന തൂലികാ നാമത്തിൽ കഥകൾ എഴുതുന്ന പി എ രുഗ്മിണിയാണ് എഴുത്തുകാരി.
- 1970 മുതൽ ബോംബെയിൽ താമസിച്ച് ഫ്രീലാൻഡ് കോപ്പി റൈറ്ററായി ജോലി ചെയ്തു.
- സ്ത്രീകളുടെ ആരും പറയാത്ത , കാണാത്ത രഹസ്യസ്വഭാവങ്ങളെ കഥയിലൂടെ അവതരിപ്പിച്ചു.
- സ്ത്രീക്ക് പുരുഷ വർഗം നൽകിയ ചില നിർവചനങ്ങളെ ഇവർ തകർത്തു.
- ഇടിവാളിൻറ തേങ്ങൽ, വെളിച്ചത്തിൻറ താളം, മഞ്ഞിലെ പക്ഷി, മാനസിയുടെ കഥകൾ എല്ലാം സമാഹാരങ്ങളാണ്.
- വർത്തമാന ജീവിതത്തെ അടയാളപ്പെടുത്തുന്ന മികച്ച കഥകൾ എഴുതിയ




കഥാകാരിയാണ് മാനസി .


- മനുഷ്യന്റെ മാനസിക ഭാവങ്ങളെ മനസിലാക്കാൻ കഴിയുന്ന അസാധാരണമായ കഴിവ് ഈ കഥയിൽ കാണാം.
- നീലിമ എന്ന കഥാപാത്രത്തെയാണ് അതിനായി കഥാകാരി തിരഞ്ഞെടുത്തത്.
- നഗരത്തിലെ ഹോട്ടൽ മുറിയിൽ വിശ്രമിക്കുന്ന നീലിമയുടെ മുറിയിലേക്ക് ബാലു എന്ന യുവാവ് വരുന്നു.


- നോർത്തിൽ നിന്നുള്ള ഡെലിഗേഷൻ ആണെന്ന് സ്വയം പരിചയപ്പെടുത്തിയാണ് അയാൾ വന്നത്.
- അൽപം സംസാരിക്കാം എന്ന് ബാലു പറഞ്ഞപ്പോൾ തനിച്ചാണെന്ന ബോധം അവളെ അസ്വസ്തയാക്കി.
- അയാളെ ഒഴിവാക്കാനായി താൻ പുറത്ത് പോകാനിരിക്കയാണെന്ന് പറഞ്ഞു.
- വൈകിട്ട് കാണാമെന്നും പറഞ്ഞു.
- ഇത് കേട്ട് ബാലുവിന്റെ മുഖം മാറുകയും ശബ്ദം ഇടറുകയും ചെയ്തു.
- വൈകുന്നേരത്തിന് മുമ്പ്  ഇവിടെ നിന്ന് പോകുമെന്നും ബാലു പറഞ്ഞു.
- അപ്പോൾ നീലിമ അയാളെ ഇരിക്കാൻ ക്ഷണിക്കുകയും കേൾക്കാൻ തയ്യാറാവുകയും ചെയ്തു.




- ബാലുവിന്റെ സംസാരം നീലിമയിൽ സന്തോഷം ഉണ്ടാക്കി.
- അയാളുടെ രൂപഭംഗിയും പാട്ടും അവൾ ആസ്വദിച്ചു.
- എന്നെ യാത്രയാക്കാൻ നീലിമ വരുമോ എന്ന് ബാലു പെട്ടെന്ന് ചോദിച്ചു.
- വരാൻ കഴിയില്ലെന്ന നീലിമയുടെ മറുപടി ബാലുവിനെ മ്ലാനമാക്കി അയാൾ അവിടെ നിന്ന് ഇറങ്ങി.
- അപരിചിതനായ അയാളെ യാത്രയാക്കാൻ താനെന്തിന് പോണം? എന്തിനാണ് അയാൾ തന്നെ നിർബന്ധിക്കുന്നത് എന്നൊക്കെ അവൾ ചിന്തിച്ചു.
- അരുൺ കുമാർ എന്ന വക്കീലിനെ കാണാനുള്ളത് മാത്രമായിരുന്നു ആ ദിവസത്തെ നീലിമയുടെ പ്ലാൻ .
- ബാലുവിൻറ ക്ഷണം നിരസിച്ചതിന് അവൾ ധാരാളം കാരണങ്ങൾ കണ്ടെത്തി.
- കുറേ കഴിഞ്ഞപ്പോൾ പോകാതിരുന്നതിന്റെ കാരണം അവളെ അസ്വസ്ഥയാക്കി.
- അരുൺ കുമാർ വന്നപ്പോൾ പെട്ടെന്ന് വരാമെന്ന് പറഞ്ഞ് അവൾ ബാലുവിന്റെ അടുത്തേക്ക് പോയി.

- ടാക്സി പിടിച്ച് സ്റ്റേഷനിൽ എത്തിയപ്പോൾ ബാലുവിനെ കണ്ടു.




- ഒരു കൊക്കകോല കുപ്പി ബാലു അവൾക്ക് നൽകി.
- ഇപ്പോൾ സന്തോഷമായില്ലേ എന്ന് ചോദിക്കാൻ തോന്നിയെങ്കിലും ചോദിച്ചില്ല.
- കുറേ നേരം ഒന്നും മിണ്ടാതെ ഇരുവരും കൈപിടിച്ച് ഇരുന്നു.
- പെട്ടെന്നാണ് തീവണ്ടി വരുന്ന ശബ്ദം ബാലു കേട്ടത്.
- കൈപിടി വിട്ട് അയാൾ ഓടാൻ തുടങ്ങി. വണ്ടിയിലേക്ക് ചാടിക്കയറാനുള്ള ശ്രമമെന്ന് നീലിമ കരുതി.
- അവളുടെ ചിന്തയെ തകർത്തെറിഞ്ഞ് ബാലു വണ്ടിക്ക് മുമ്പിലേക്ക് ചാടി.
- ചാരനിറമുള്ള ഷർട്ട് വായുവിൽ ഒന്ന് കോറി അപ്രത്യക്ഷമായി.
- ഒടുവിൽ റയിൽ പാളത്തിൽ ചിതറിയ ബാലുവിന്റെ ചിരിയുടെ തുണ്ടുകളിലേക്ക് ആൾക്കൂട്ടം എത്തി.
- അപ്പോഴും നീലിമ പകച്ച് നിൽക്കുകയായിരുന്നു.
- എന്തിനാണ് ബാലു തന്നെ ഇവിടേക്ക് ക്ഷണിച്ചത് ?
- മരണത്തിന് സാക്ഷ്യം വഹിക്കാൻ എന്നെ എന്തിന് തിരഞ്ഞെടുത്തു?
- താൻ ചതിക്കപ്പെടുകയായിരുന്നോ? എന്നൊക്കെ ചിന്തിച്ച് മനസ്സ് പിടഞ്ഞു.
- ഈ ജീവിതം മുഴുവൻ തന്നെ വേട്ടയാടുന്ന ഒന്നായി ഇത് മാറും.
- ഇങ്ങനെ വലിയൊരു ദുരന്തത്തിലേക്ക് വീഴുന്ന നീലിമയുടെ മനസ്സിന്റെ നിഗൂഢതകൾ മാനസി വളരെ വ്യക്തമായി കഥയിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹായകഗ്രന്ഥങ്ങൾ :

1. ഒരിതൾ - കഥ – മാനസി
2. മാനസിയുടെ തിരഞ്ഞെടുത്ത കഥകൾ - സമാഹാരം.
3. ഗൂഗിൾ പേജ്.

# 8.നൂറ് സിംഹാസനങ്ങൾ

# ജയമോഹൻ

- തമിഴ് സാഹിത്യകാരനാണ് ജയമോഹൻ .
- ആത്മകഥാപരമായ ഒരു നോവൽ ആണ് നൂറ് സിംഹാസനങ്ങൾ .
- തമിഴ് ഭാഷാ വാമൊഴികൾ നോവലിൽ കാണാം.
- ഒരു വായനയിൽ തന്നെ ഇതിലെ അനുഭവങ്ങൾ നമ്മുടെ മനസ്സിൽ പതിഞ്ഞ് കിടക്കും.
- വേദനയോടെ നമ്മെ പിന്തുടരുന്ന ധാരാളം സന്ദർഭങ്ങൾ ഇതിൽ ഉണ്ട്.
- അധികാരത്തിന്റെ മേലങ്കിയിൽ ഇരുന്നിട്ടും തന്നെ വിട്ട് മാറാതിരുന്ന ജാതി ചിന്ത.
- അമ്മയെ കുറിച്ചുള്ള ഓർമ്മ ഇതെല്ലാം വായനക്കാരന ഉലക്കും.
- മനുഷ്യന്റെ നിസ്സഹായാവസ്ഥയും നൊമ്പരങ്ങളും ഇതിൽ കാണാം.
- ഇതിൽ ഒരു അധ്യായത്തിൽ ഒരഭിമുഖം ഉണ്ട് അത് ജാതീയ വേർതിരിവ് ഉന്നത വിദ്യഭ്യാസം നേടിയവർക്കിടയിലും ഉണ്ടെന്ന് വ്യക്തമാക്കും.




- ഈ നോവലിലെ പ്രസക്തമായ ന്യായാന്യായ വശമാണ് അഭിമുഖഭാഗം.
- നിങ്ങൾ ഒരു മനുഷ്യന്റേയും നായാടിയുടെയും ഇടക്ക് വിധികർത്താവായി നിന്നാൽ ആർക്കൊപ്പം നിന്നാന്ന് വാദിക്കുക എന്ന് ?
- ചോദ്യത്തിൽ തന്നെ വലിയ അന്യായം ഉള്ളതിനാൽ നായാടിക്കൊപ്പം നിൽക്കുമെന്ന് ഉത്തരം കിട്ടി.
- നിയാടി വിഭാഗം ജാതീയമായി വേർതിരിവ് അനുഭവിച്ച് കഷ്ടപ്പെട്ടവർ ആണ്.
- ചാതുർവർണ്യത്തിന് പുറത്ത് നിൽക്കുന്ന ദളിത് യാഥാർത്ഥ്യങ്ങളാണ് ഇതിലെ ധർമ്മപാലനും അമ്മയും .
- ധർമ്മപാലൻ പഠിച്ച് കലക്ടർ ആയി.
- എന്നിട്ടും അയാൾ മാനസികമായി ആക്രമിക്കപ്പെട്ടു.
- മാണിക്യം എന്ന ഡോക്ടറുടെ അവസ്ഥയും തുല്യമായിരുന്നു.
- ദളിതനാകയാൽ തോട്ടി ഡോക്ടറായി അയാൾ അറിയപ്പെട്ടു.
- ആശുപത്രിയിൽ കുറേ കാലം ജോലി ചെയ്തിട്ടും ഉദ്യോഗക്കയറ്റം ലഭിക്കാതെ അയാൾ തുടരുന്നു.

- മാണിക്യം ആണ് ചാകാറായ അവസ്ഥയിൽ നരകിച്ച് കിടന്ന ധർമ്മപാലന്റെ അമ്മയെ ചികിത്സിച്ചത്.
- പരിചരണവും മരുന്നും നൽകാതെ മലവും മൂത്രവും നിറഞ്ഞ തറയിലാണ് അവരെ കിടത്തിയത്.
- കലക്ടറുടെ അമ്മയാണെന്നറിഞ്ഞപ്പോഴാണ് നല്ല ശ്രദ്ധ പോലും കൊടുത്ത് റൂമിലേക്ക് മാറ്റിയത്.
- നാരായണ ഗുരുവിന്റെ ശിഷ്യനായ പ്രജാനന്ദ സ്വാമിയാണ് ചെറുപ്പത്തിൽ കാപ്പനെന്ന പയ്യനെ ധർമ്മപാലനാക്കിയത്.
- നായാടിയുടെ അവസ്ഥയിൽ നിന്ന് മാറാൻ അമ്മ അനുവദിച്ചിരുന്നില്ല.
- അതിനാൽ അമ്മ അറിയാതെ ദൂരെ പാർപ്പിച്ചാണ് അവനെ സ്വാമി പഠിപ്പിച്ചതും




ജോലിയാക്കിയതും.

- ധർമ്മപാലൻസുധയെ വിവാഹം ചെയ്തത് അമ്മക്ക് ഇഷ്ടപ്പെട്ടിട്ടില്ല.
- വെളുത്ത നിറമുള്ള അവൾ തന്റെ മകന്റെ രക്തം ഊറ്റി കുടിക്കും എന്നാണ് അമ്മ എപ്പോഴും പറയുന്നത്.
- അവസരം കിട്ടുമ്പോഴെല്ലാം അവർ സുധയെ ഉപദ്രവിക്കുകയും അസഭ്യം പറയുകയും ചെയ്യും.
- ധർമ്മപാലന്റെ മകനെ ഒരു ദിവസം അമ്മ ആരും കാണാതെ തെരുവിലേക്ക് കൊണ്ടുപോയി.
- പഴകിയതും ചീഞ്ഞതുമായ ഭക്ഷണം തീറ്റിപ്പിക്കുകയും ചെയ്തു.
- പന്ത്രണ്ട് ദിവസം ആ കുട്ടി പനി മൂർച്ചിച്ച് ആശുപത്രിയിൽ കിടന്നു.
- പിച്ചക്കാരിയായ അമ്മക്കൊപ്പം നിൽക്കുന്ന ധർമ്മപാലന്റെ പോസ്റ്റർ പല സ്ഥലത്തും പ്രത്യക്ഷപ്പെട്ടു.
- ഇങ്ങനെ പല തവണ ധർമ്മപാലൻ ആത്മഹത്യ ചെയ്യപ്പെട്ടു.
- ഇങ്ങനെ ആണെങ്കിലും താനറിയാതെ വീട് വിട്ട് പോയ അമ്മയെ തിരഞ്ഞ് അയാൾ നടന്നിരുന്നു.
- അങ്ങനെയാണ് ആശുപത്രിയിൽ ഉണ്ടെന്ന വിവരം അറിഞ്ഞത്.

- എവിടെയും സ്ഥിരമായി താമസിക്കാതെ അലഞ്ഞ് നടക്കാനാണ് അമ്മക്ക് ഇഷ്ടം.
- നല്ല ഭക്ഷണമോ നല്ല വസ്ത്രമോ അവർ ഉപയോഗിക്കാറില്ല.
- എത്ര തിന്നാലും വിശപ്പ് മാറാത്ത ആ അമ്മ അവസാനമായി ആഗ്രഹിച്ചത് തന്റെ മകൻ നല്ല വേഷവും ജോലിയും ഉപേക്ഷിച്ച് നായാടിയെ പോലെ മാറാനാണ്.
- മുഖം കോടി ഒരു കാല് മാത്രം പിടഞ്ഞ് അവർ നിശ്ചലയായി.
- മരണംവരേയും സ്വന്തം ആഗ്രഹത്തിനും വിശ്വാസത്തിനും അടിമപ്പെട്ട് ആജീവിതം തീരുകയാണ്.
- അധികാര പദവികൾ എത്ര തന്നെ ഉണ്ടായിട്ടും കാര്യമില്ല.
- ജാതി എന്നത് കൂടെ ഉണ്ടെങ്കിൽ ഇനിയും എത്രയോ സിംഹാസനങ്ങൾ ലഭിച്ചാലാണ് പദവിയിൽ ഇരിക്കാൻ കഴിയുക.


സഹായകഗ്രന്ഥങ്ങൾ :

1. നൂറ് സിംഹാസനങ്ങൾ - ജയമോഹൻ
2. ഗൂഗിൾ ചിത്രം .

# 9.കുടക് കുറിപ്പുകൾ

## എൻ.പ്രഭാകരൻ

- അധ്യാപകനും നോവലിസ്റ്റും കവിയും ആണ് എൻ പ്രഭാകരൻ .
- തിയ്യൂർ രേഖകൾ പുലി ജൻമം ഇവ പ്രസിദ്ധമാണ്. പുലിജൻമം നാടകമായും സിനിമയായും പുനരാവിഷ്കാരം ചെയ്തിട്ടുണ്ട്.
- ആധുനികതക്ക് ശേഷം മലയാളചെറുകഥയിൽ ഉണ്ടായ ഭാവുകത്വ പരിണാമത്തിന് വഴിയൊരുക്കിയ കഥാകൃത്തുക്കളിൽ ഒരാളാണ്.
- ഇരുപതോളം കൃതികൾ എഴുതി പ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടു.




- കുടകിനെ പറ്റിയുള്ള എൻ പ്രഭാകരന്റെ ഓർമ്മകൾ അടങ്ങുന്ന ഒരു യാത്രാ വിവരണമാണ് ഇത്.
- 1985 മുതലുള്ള പത്തിരുപത് കൊല്ലക്കാലം എൻ പ്രഭാകരൻ കുടകിലേക്ക് നടത്തിയ യാത്രകളാണ് ഇതിൽ . രാഷ്ട്രീയവും കൃഷിയും ഗ്രാമീണ ജീവിതവും ദൈവ സങ്കൽപവും ഇതിൽ വിവരിക്കുന്നുണ്ട്.
- മനുഷ്യനായി മലകയറിപ്പോയ മന്ദപ്പൻ തിരികെ എത്തുന്നത് ദൈമായിട്ടാണ്.
- അതാണ് ദൈവത്തിന്റെ വഴിയിൽ എന്ന ഒന്നാം അധ്യായം.
- കുടകിനെ അറിയാനുള്ള ഉത്സാഹം വായനക്കാരിൽ ഉണ്ടാക്കുന്ന വഴികാട്ടിയാണ് രണ്ടാം അധ്യായമായ ബേബി കാട്ടികൊടുത്ത ഒരു മരം ഒറ്റമരം

- മൂന്നാമത്തെ അധ്യായം മുതൽ കുടക്കിന്റെ ഭംഗിയും സ്ത്രീ പുരുഷൻമാരുടെ വേഷ്യം നിങ്ങൾ കുടകിൽ നിന്ന് മടങ്ങും പക്ഷേ കുടക് നിങ്ങളെ ഉപേക്ഷിച്ച് പോകില്ല.
- നിങ്ങൾ വീണ്ടും ഇങ്ങോട്ട് വരുന്നെങ്കിൽ ഞങ്ങളെ കുറ്റം പറയരുത്. ഇത് ട്രാവൽ




സൈറ്റിലെ മുന്നറിയിപ്പാണ്.

- അതാണ് ഒരു മുന്നറിയിപ്പും കുറേ വസ്തുതകളും എന്ന അധ്യായം.
- നാലാമത്തെ അധ്യായം കദനത്തിന്റെ ഊരിൽ ആണ്. ഇതിൽ കതിവന്നൂർ വീരൻ എന്ന തെയ്യമായി മാറിയ മന്ദപ്പന്റെ കഥയാണ്.
- പറശ്ശിനിക്കടവ് മാങ്ങാട്ട് ജനിച്ച മന്ദപ്പൻ കുടകിലേക്ക് അമ്മാവനോടൊപ്പം താമസിക്കാൻ പോയി. നല്ല കച്ചവടക്കാരനായി മാറി.
- അവിടുള്ള ചെമ്പരത്തി എന്ന യുവതിയെ സ്നേഹിക്കുകയും വിവാഹംകഴിക്കുകയും ചെയ്തു.
- മന്ദപ്പന് അങ്ങനെ ധാരാളം ശത്രുക്കൾ ഉണ്ടായി. അവരെ തോൽപിച്ച് മടങ്ങുമ്പോഴാണ് തന്റെ ചെറുവിരലും മോതിരവും നഷ്ടപ്പെട്ടത് അറിഞ്ഞത്.
- തിരികെ അതെടുക്കാനെത്തി. അവിടെ ചതിയിലൂടെ മന്ദപ്പനെ ശത്രുക്കൾ കൊന്നൊടുക്കി .
- വിവരമറിഞ്ഞ ചെമ്പരത്തി ആ ചിതയിൽ ചാടി മരിച്ചു. ശേഷം മന്ദപ്പൻ എന്ന കതിവന്നൂർ വീരൻ ആയി അയാൾ മാറി.
- അഞ്ചാമത്തെ അധ്യായം അരിവാളും കുരിശ്യം. ഇതിൽ കേരളത്തിൽ നിന്ന് കുടിയേറിയ കുട കരിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുന്ന ആശയം വിവരിക്കുന്നു.
- ഹിന്ദി അധ്യാപകനായ സുരേഷും പത്രപ്രവർത്തക ഫിലിപ്പോസും ഗോണിക്കൊപ്പയിയെ സഖാക്കളും ഇതിൽ ഉണ്ട്.
- ആറാമത്തെ അധ്യായം പത്തായ മുത്തശ്ശിയും മറ്റു പലരും. ഇതിൽ ഗോണിക്കൊപ്പയിലെ ആത്മീയ എന്ന പുരാവസ്തുഗവേഷണ സ്ഥാപനത്തിലെ തുളസീദേവി, അരവിന്ദ ആര്യ എന്നിവരെ പരിചയപ്പെടുന്നു.
- കുടകിൽ പണ്ട് നെല്ല് നിറച്ച പത്തായങ്ങൾക്ക് കാവൽ നിന്ന മൂർത്തികളാണ് ഇവർ.
- ഈ അധ്യായത്തിൽ എരവരുടെ ഇതിഹാസമായ ബയണയെ പറ്റി പറയുന്നുണ്ട്.

- ഏഴാമത്തെ അധ്യായം കുശാലപ്പയുടെ വീട്ടിൽ . കുശാലപ്പ നെൽകൃഷിക്കാരനാണ്. ഊട്ടുത്സവവും പുത്തരി ഉത്സവവും പാട്ടും കഥകളും ആയി അവരുടെ വീട്ടിൽ കഴിഞ്ഞ ഓർമ്മകൾ .
- എട്ടാമത്തെ അധ്യായം എരുമാട് . കാസർകോട്, കാഞ്ഞങ്ങാട് ഭാഗങ്ങളിൽ നിന്ന് നൂറ്റാണ്ടുകൾ മുമ്പ് കുടിയേറിയ മലയാളി മുസ്ലിംഗങ്ങളുടെ ആയിരത്തോളം





കുടുംബങ്ങൾ താമസിക്കുന്ന ഗ്രാമമാണ് എരുമാട് .

- അവിടെ ശുദ്ധമായ മലയാളം കേൾക്കാം. ശാന്തമായ ആ ഗ്രാമത്തിലെ മതബന്ധങ്ങളെപറ്റി സൂഫി ശഹീദിന്റെ കഥയിലൂടെ പറയുന്നു.
- ദൈവങ്ങളുടെ ദേശാടനം എന്ന ഒമ്പതാമത്തെ അധ്യായം മൊണ്ണപ്പ എന്ന വൃദ്ധനിലൂടെ കാവേരിയമ്മ എന്ന ദൈവത്തിലൂടെ നീങ്ങുകയാണ്.
- കാരണവനാർദൈവങ്ങളായി കൂട്ടുകുടുംബങ്ങളുടെ ആരാധ്യയായി കഴിഞ്ഞവർ മഞ്ഞുരുകും പോലെ മാഞ്ഞ് പോകുന്ന കാഴ്ചകളും ഉണ്ട്.
- ദ്രാവിഡരെന്ന് അഭിമാനിക്കുമ്പോഴും പതിയെ ബ്രാഹ്മണ വാഴ്ചകൾക്ക് അധീശപ്പെടുന്ന കുടകന്റെ മത സാംസ്കാരിക ബോധവും ഈ അധ്യായത്തിൽ കാണാം.
- ഹെബ്ബാലയിലെ ലിംഗോത്സവം എന്ന പത്താം അധ്യായം കുടകിലെ ഹെബ്ബാല എന്ന സ്ഥലത്തെ കാട്ടിൽ ഒരു ക്ഷേത്രമുണ്ട്.
- അവിടെ കുണ്ടെഹബ്ബ എന്ന വാർഷിക ഉത്സവം ഉണ്ട്. ആദിമ നിവാസികളായ കുറുംബരുടെ ആഘോഷമാണത്.
- പതിനൊന്നാമത്തെ അധ്യായം ഉൻമാദം ഏകാന്തത വനലഹരി. ഇതിൽ ഹെഗ്ഗള എന്ന ഗ്രാമത്തെയും കനക വിഗ്രഹം എന്ന നോവലിനെയും മാക്കൂട്ടം എന്ന സ്ഥലത്തെ നിയമ വിരുദ്ധ പാക്കറ്റ് ചാരായ വിൽപനയും കാണാം.
- കുടകിന്റെ സൗന്ദര്യത്തിനും ഐതിഹ്യങ്ങൾക്കും അപ്പുറത്ത് അവരുടെ യഥാർത്ഥ ജീവിതമാണ്.
- അവരെ തിരസ്കരിക്കുന്ന അവസ്ഥയും ഈ അധ്യായത്തിൽ പറയുന്നുണ്ട്.
- അവസാനത്തെ അധ്യായം പഴയ ദുരന്തങ്ങൾ പുതിയ വിസ്മയങ്ങൾ. പതിനേഴാം നൂറ്റാണ്ട് മുതൽ കുടകിന്റെ ചരിത്രം വളരെ ദുരിതപൂർണമാണ്.

- ദൊഡ്ഡ വീര രാജേന്ദ്ര 1780 മുതൽ 1809 വരെ കുടക് ഭരിച്ചു.







- ടിപ്പുവിന്റെ തടവ് ചാടി ദൊഡ്ഡ വീര രാജേന്ദ്ര രാജ്യം വീണ്ടെടുത്തു.
- പിൻഗാമിയായി മകനില്ലാത്തത് അയാളെ മനോരോഗിയാക്കി.
- മരണശേഷം സഹോദരൻ ലിംഗരാജ രണ്ടാമൻ രാജാവായി.
- അയാൾ സുഖഭോഗത്തിൽ ആസക്തനായിരുന്നു.
- ബ്രിട്ടീഷുകാരുമായുള്ള യുദ്ധത്തിൽ രാജാവ് തോറ്റു.
- രാജാവിന്റെ മകൾ ഗൗരമ്മയെ വെള്ളക്കാർ മാമോദീസ മുക്കി ക്രിസ്ത്യാനിയാക്കി.

. സഹായകഗ്രന്ഥങ്ങൾ :

1. കുടക് കുറിപ്പുകൾ - എൻപ്രഭാകരൻ
2. ഗൂഗിൾ പേജ് ചിത്രങ്ങൾ.